# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 212 15.07.16 -ൽ മറുപടിക്ക്

## തടയണ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.ഷാഫി പറമ്പിൽ | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) 2014-ൽ സർക്കാർ ഉത്തരവുകൾ പ്രകാരം 190 തടയണകൾ നിർമ്മിക്കുന്നതിനായി 111 കോടി രൂപ അനുവദിച്ചതിൽ 45 തടയണകൾ പൂർത്തിയായി. 131 എണ്ണം പുരോഗതിയിലാണ്. ദേശീയ ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതിയുടെ ഭാഗമായി 62 കോടിരൂപയുടെ 15 തടയണകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) കേരളത്തിൽ വരൾച്ച നേരിടുന്നതിനായി നദികളിലെ നീരൊഴുക്ക് പുനസ്ഥാപിക്കുക, കാലവർഷസമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷിക കാര്യങ്ങൾക്കും പാരിസ്ഥിതി ധർമ്മങ്ങൾക്കുമുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| (സി) പദ്ധതി നിർവഹണത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത് ; വിശദീകരിക്കുമോ? | (സി) വിവിധ ജില്ലകളിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയ വരെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതി അവലോകനയോഗങ്ങൾ സംഘടിപ്പിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും അത് നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. |

നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പാക്കി കഴിഞ്ഞു. ഇതു കൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു.

സെക്ഷൻ ഓഫീസർ